# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/162/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 02

**എം. ജി. ബിരുദ ഏകജാലക പ്രവേശനം : സപ്ലിമെന്ററി അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്ട്രേഷൻ ഇന്ന് (ആഗസ്റ്റ് 3) വരെ. അലോട്ട്മെന്റ് ഈ മാസം അഞ്ചിനു പ്രസിദ്ധീകരിക്കും.**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏകജാലകം വഴി ബിരുദ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് (ആഗസ്റ്റ് 3) വരെ പുതുതായി ഓപ്ഷൻ നൽകാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും വേണ്ടി സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദായവർക്കും പ്രത്യേകമായി ഫീസ് അടക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുതായി നൽകാവുന്നതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. ലോഗിൻ ചെയ്ത ശേഷം അപേക്ഷകനു താൻ നേരത്തേ നൽകിയ അപേക്ഷയിൽ എന്തെങ്കിലും തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ തിരുത്താവുന്നതും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതുമാണ്. മേൽ വിഭാഗത്തിൽപ്പെടാത്തവർ പുതുതായി ഫീസടച്ച് സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കണം. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ അപേക്ഷകരും പുതുതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. അപേക്ഷയുടേയോ ഓപ്ഷനുകളുടേയോ പ്രിന്റൗട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ അലോട്ട്മെന്റ് ലിസ്റ്റ് ആഗസ്റ്റ് 5 ന് പ്രസിദ്ധീകരിക്കും. ഓൺലൈൻ രജിസ്ട്രേഷന് www.cap.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**പ്രാക്ടിക്കൽ പരീക്ഷ**

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി. എസ്‌സി. ഫിസിക്സ് (സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 10 മുതൽ അതാത് കോളേജുകളിൽ നടത്തും. എറണാകുളം സെന്റ് തെരേസാസ് കോളേജിലും, മഹാരാജാസ് കോളേജിലും രജിസ്റ്റർ ചെയ്തിട്ടുള്ള സപ്ലിമെന്ററി വിദ്യാർത്ഥികൾ കളമശ്ശേരി സെന്റ് പോൾസ് കോളേജിലും, കോതമംഗലം എം. എ കോളേജിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളേജിലും പരീക്ഷയ്ക്ക് ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എ ഇക്കണോമിക്സ് (സി.എസ്.എസ്-റഗുലർ/ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

2017 ഏപ്രിലിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ആഗസ്റ്റ് 16 വരെ സ്വീകരിക്കും.

**ക്ലാസ്സുകൾ ആഗസ്റ്റ് 7 ന് ആരംഭിക്കും**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ 2017-18 അധ്യയന വർഷത്തിലെ ഒന്നാം സെമസ്റ്റർ എം. എ ക്ലാസ്സുകൾ ആഗസ്റ്റ് 7 ന് ആരംഭിക്കും.

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ എൽ. എൽ. എം (ഏക വർഷം) ക്ലാസ്സുകൾ ആഗസ്റ്റ് 7 ന് ആരംഭിക്കും.

**എം. ജി. സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ അടുത്ത യോഗം ആഗസ്റ്റ് 11 ന് രാവിലെ 10. 30 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിൽ കരാറടിസ്ഥാനത്തിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഒഴിവുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ : 0481 2731035.

**ഇന്നത്തെ സിൻഡിക്കേറ്റ് തീരുമാനങ്ങൾ**

**എം. ജി സ്വാശ്രയ സ്ഥാപനങ്ങളിലെ നിയമനം : വിജിലൻസ് അന്വേഷണം ആവശ്യപ്പെടാൻ തീരുമാനം.**

1) മഹാത്മാഗാന്ധി സർവ്വകലാശാല നേരിട്ട് നടത്തിയിരുന്ന സ്വാശ്രയ സ്ഥാപനങ്ങളിൽ തുടക്കം മുതൽ നടത്തിയ നിയമനങ്ങളിൽ അഴിമതി, സാമ്പത്തിക ക്രമക്കേട് പൊതുമുതൽ ദുരുപയോഗം എന്നിവ സംശയിക്കുന്നതിനാൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് വിജലൻസ് ഡയറക്ടറോട് ആവശ്യപ്പെടുവാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. യോഗ്യത ഇല്ലാത്തവർക്ക് നിയമനം നൽകുകയും, സ്കെയിൽ ഓഫ് പേ നൽകിയതും, കരാർ വ്യവസ്ഥയിൽ നിയമിതരായ അദ്ധ്യാപകർ കരാറില്ലാതെ തന്നെ വേതനത്തോടു കൂടി സേവനത്തിൽ തുടരാനിടയായതും, ഗസ്റ്റ് അദ്ധ്യാപകരെ നിയമിച്ചതു സംബന്ധിച്ചും, നിയമനം ലഭിച്ചവരുടെ സേവന ക്രമീകരണം സംബന്ധിച്ചും, പഠിച്ച് റിപ്പോർട്ടു നൽകുവാൻ സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ പ്രഗാഷ്, ഡോ. എ. ജോസ്, രജിസ്ട്രാർ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്താനും സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

2) സർവ്വകലാശാലയ്ക്ക് പദ്ധതിയേതര ഗ്രാന്റിനത്തിൽ ഇപ്പോഴുള്ളതും ഭാവിയിൽ രൂക്ഷമായി തീരാവുന്നതുമായ സാമ്പത്തിക പ്രതിസന്ധി നേരിടുവാൻ സർക്കാർ ഗ്രാന്റ് അടിയന്തിരമായി വർദ്ധിപ്പിക്കണമെന്ന സർവ്വകലാശാലയുടെ ആവശ്യം സർക്കാരിനെ നേരിട്ട് ബോധ്യപ്പെടുത്തി നേടിയെടുക്കാൻ വൈസ്ചാൻസലർ, സിൻഡിക്കേറ്റ് സ്റ്റാഫ് കമ്മറ്റി കൺവീനർ, ഫിനാൻസ് കമ്മറ്റി കൺവീനർ എന്നിവരടങ്ങിയ സമിതി, മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, ധനകാര്യമന്ത്രി എന്നിവരുമായി സംയുക്ത ചർച്ചയ്ക്കുള്ള ക്രമീകരണങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

യോഗത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷതവഹിച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**